എൻ. ഇ. എസ്സ് ബ്ലാക്കു്.

* 717. [6] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) അമ്പർ മുതൽ തെക്കോട്ടു് ചേർത്തല, അമ്പലപ്പുഴ താലൂക്കുകളെ എൻ. ഇ. എസ്സു്. ബ്ലാക്കിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏവിടെയെല്ലാമെന്നു് പറയുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) പുതിയ പരിധിനിർണ്ണയമനുസരിച്ചു് സംസ്ഥാനത്തെ (മനസിലാക്കൽ പ്രദേശമൊഴിച്ചു്) 100 എൻ. ഇ. എസ്സു്. ബ്ലാക്കുകളായി വിഭജിച്ചിരിക്കുകയാണു്. പരിധി നിർണ്ണയപരസ്യം † മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

തീരദേശവും വികസന പദ്ധതികളും.

* 718. [7] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി തീരദേശങ്ങളെ ഉൾപ്പെടുത്തി എന്തു വികസനപദ്ധതികൾ ഗവണ്മെൻറു് ആസൂത്രണം ചെയ്തിട്ടുണ്ടു് ;

(ബി) അമ്പർ മുതൽ പരവൂർവരെയുള്ള തീരപ്രദേശങ്ങളിൽ എന്തു വികസനപദ്ധതികൾ ഇന്നു് പ്രവർത്തിക്കുന്നുണ്ടു് ;

(സി) തീരദേശത്തെ വികസനസാദ്ധ്യതകളെപ്പറ്റി ആരായാൻ ഗവണ്മെൻറു് സത്വരനടപടികൾ സ്വീകരിക്കുമോ ;

(ഡി) ചേർത്തലയിൽ ഒരു ഗ്ലാസു് ഫാക്ടറിയും, സ്റ്റീൽ ഫാക്ടറിയും സ്ഥാപിക്കുന്നതിനു് ഗവണ്മെൻറിനു് വല്ല പദ്ധതിയുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തീരദേശങ്ങളെ ഉൾപ്പെടുത്തി എട്ടു് വികസന പദ്ധതികൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അവ താഴെ പറയുന്നവയാണു്:

1. കടലാക്രമണം തടയാനുള്ള പദ്ധതി.
2. കൊല്ലം, ആലപ്പുഴ തുറമുഖവികസനപദ്ധതി.
3. ഗതാഗതത്തിനുള്ള തോടുകൾ.
4. കയർ വ്യവസായ പദ്ധതി.
5. കഴൽക്കിണറുകൾമൂലം ജലവിതരണം.
6. കരുനാഗപ്പള്ളി ജലവിതരണപദ്ധതി.
7. കൊച്ചി തുറമുഖത്തും ചുറ്റുപ്രദേശങ്ങളിലുമുള്ള ജലവിതരണപദ്ധതി.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly